# ‘അടിയൻ ഇതാ’

യെശയ്യാവു 6:8

“അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു.”

ദൈവത്തെ കണ്ടിട്ട് അത് തന്റെ ശുദ്ധിയില്ലായ്മ ദർശിച്ചതിനെ ചൊല്ലി വിലപിച്ചു നിന്നിരുന്ന യെശയ്യാവിനെ ദൈവത്തിന്റെ സാറാഫ് വന്ന് തീക്കനലിനാൽ അവന്റെ നാവിന്നു ശുദ്ധി വരുത്തുന്നു. അതു മൂലം അവന്റെ പാപത്തിന്നു പരിഹാരവും ദൈവം കൊടുത്തു, അങ്ങനെ തന്റെ പാപാശുദ്ധിയിൽ നിന്ന് ദൈവത്തിന്നു യോജ്യമാംവണ്ണം വിശുദ്ധിയിലേക്ക് കടന്നു വന്നപ്പോൾ ദൈവസ്വരം അവിടെ കേൾക്കാനിടയായി. ആരെ അയക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും എന്നുള്ള കർത്താവിന്റെ ചോദ്യത്തിന്നു മറുപടിയായി പകച്ചുനിൽക്കതെ “അടിയനിതാ” എന്നു പറയുവാനുള്ള ദൈവീകശക്തി അവന്റെ നാവിന്മേൽ കടന്നു വരുവാനിടയായിത്തീർന്നു. ദൈവീക പദ്ധതിയെ വളരെയതികം ആവേശത്തിലും ദ്രുതഗതിയിലും സ്വീകരിക്കുന്നതിൽ യെശയ്യാവു മനസ്സുകാട്ടി.

ഇന്നു ഈ ലോകത്തിലായിരിക്കുന്ന നമുക്ക് നമ്മുടെ ദൈവം ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്, അത് മർക്കോസ്സിന്റെ സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു, (മർക്കോസ്സ് 16:15) “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.” എന്തൊരു മഹത്വമേറിയ ഒരു ദൈവീകപദ്ധതിയാണു ദൈവം നമ്മളെക്കൊണ്ട് ആഗ്രഹിക്കുന്നത്. കർത്താവിന്റെ സാക്ഷികളായി നിന്നുകൊണ്ട് അത് ഈ ലോകത്തോട് വിളിച്ചുപറയാൻ. അത് നമ്മുടെ വാക്കുകളിൽ മാത്രം പോരാ, മറിച്ച് അവനോടുള്ള നമ്മുടെ അനുസ്സരണത്തിലും അവന്റെ പാതയിൽ സഞ്ചരിച്ച് അവന്റെ ഹിതത്തിനൊത്തവണ്ണം ജീവിച്ച് കൊണ്ടായിരിക്കണം.

റോമർ 12:1–ൽ പറയുന്നു “നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.” ഇതിലൂടെ ദൈവം നമ്മളിൽ നിന്നാഗ്രഹിക്കുന്നത് നമ്മുടേതായ പൂർണ്ണതയില്ലാത്തതും അസാധ്യമായതുമായ സകല ആഗ്രഹങ്ങളെയും വിട്ടൊഴിഞ്ഞ് ദൈവത്തിന്റെ ഹിതം എന്തെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവൻ നമ്മെ നയിക്കുന്ന പാതയിൽ സഞ്ചരിക്കുവാൻ വേണ്ടിയാണ്. നാം എവിടേക്കു പോകണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ, നാം എന്തു

പറയണമെന്ന് അവൻ ചിന്തിക്കുന്നുവോ അതിലുപരിയായി നമ്മുടെ ദൈനംദിന ജീവിതത്തിൽ അവനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ധുവാക്കിക്കൊണ്ട് ജീവിക്കാൻ ദൈവം ആഗ്രഹിക്കുന്നു.

ഇത് എങ്ങനെ സാധിക്കും എന്നോർത്ത് ചഞ്ചലപ്പെടേണ്ട അതിന്നുള്ള വഴിയും റോമർ 12:2–ൽ നമ്മോട് പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നുണ്ട്. “ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.” അതെ ഈ ലോകത്തിന്റേതായ താത്പര്യങ്ങളിലും, മോഹങ്ങളിലും ഒന്നും അകപ്പെടാതെ അവയെല്ലാം ഉപേക്ഷിച്ച് ഒരു പുതുക്കത്തിന്റെ അനുഭവം നമ്മിൽ ഉണ്ടാക്കുകയാണെങ്കിൽ ദൈവഹിതം ഇന്നത് എന്നു തിരിച്ചറിയാനുള്ള കർത്താവിന്റെ കൃപ നമുക്ക് ലഭിക്കും. അങ്ങനെ നമുക്ക് നമ്മുടെ ജീവിതത്തെ ദൈവത്തിന്നു പ്രസാദമുള്ളതും ദൈവഹിതത്തിനൊത്തതുമാക്കി നയിക്കുവാൻ സാധിക്കും.

അങ്ങനെയെങ്കിൽ ഇന്നു നാം നമ്മോട് തന്നെയൊന്നു ചോദിക്കുക, ദൈവം ഇന്നു എന്നെ എവിടേക്ക്, എന്തിന്നു വേണ്ടി അയക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ള ബോധ്യം നമുക്കുണ്ടോ? ആ ഉറച്ച ബോധ്യം ദൈവത്തിൽ നിന്നു ലഭിക്കുവാൻ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു, അതു വഴി ദൈവവിളി കേൾക്കുവാനും അതിന്നു മറുപടിയായി ‘അടിയനിതാ അടിയനെ അയക്കേണമേ” എന്നു യെശയ്യാവിനെ പോലെ പറയുവാൻ ജാഗ്രതയുള്ളവരായിരിക്കുകയും ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനം 68:20

“നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവു വാഴ്ത്തപ്പെടുമാറാകട്ടെ.”

ബ്രദർ ബിനു ബേബി ആലപ്പുഴ 16